(സി) നിശ്ചിത യോഗ്യത നേടിയിട്ടില്ലാത്ത സിദ്ധ/പാരമ്പര്യ വൈദ്യൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഒരു ഏകീകൃത മെഡിക്കൽ ബില്ല് നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചുവരുന്നു. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടുകയും പ്രസ്തുത നിയമത്തിൽ പാരമ്പര്യ വൈദ്യൻമാർക്ക് അംഗീകാരം നൽകുന്ന വ്യവസ്ഥകൾ പുനഃപരിശോധിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അവർക്ക് അംഗീകാരം നൽകുന്ന വ്യവസ്ഥകൾ നിലനിർത്തി പ്രസ്തുത കരട് നിയമം നിയമസഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച് എഴുത്തുകുത്തുകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പട്ടണ പ്രദേശങ്ങളിലെ ശുചീകരണം

21 [*288] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടണ പ്രദേശങ്ങളിലെ മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്യാനും, പട്ടണങ്ങൾ വൃത്തിയായി സംരക്ഷിക്കുവാനും നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്.

(ബി) മാലിന്യങ്ങൾ സ്രോതസ്സിൽനിന്ന് തരംതിരിച്ചുള്ള ശേഖരണം, തറയിൽ വീഴാതെയുള്ള സംഭരണം, യഥാസമയമുള്ള നീക്കം ചെയ്യൽ, അനുയോജ്യമായ പ്ലാന്റ് സ്ഥാപിച്ച് മാലിന്യങ്ങൾ സംസ്കരിക്കുക, അവശേഷിക്കുന്ന മാലിന്യങ്ങളുടെ സാനിട്ടറി ലാന്റ് ഫില്ലിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഓരോ നഗരസഭയിലും ഒരു സംയോജിത ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് സാങ്കേതിക സഹായം നൽകുന്നതിനും ടി പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുമായി സർക്കാർ ക്ലീൻ കേരള മിഷന് രൂപം കൊടുക്കുകയും പ്രസ്തുത മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തുന്നതിനും സഹായിച്ചുവരുന്നു. ഇപ്രകാരം തയ്യാറാക്കിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഭാഗികമായ സാമ്പത്തിക സഹായം ക്ലീൻ കേരള മിഷൻ വഴി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ദേശീയ സ്ഥാപനമാക്കാൻ നടപടി

22 [*289] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :